പുനരധിവാസ പദ്ധതി

165 (3914) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ഭൂരഹിതരുടെയും ഭവന രഹിതരുടെയും പുനരധിവാസ പദ്ധതിക്ക് നീക്കി വെച്ച തുക എത്ര ; ആയതിന് ചെലവാക്കിയതിന്റെ വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പദ്ധതിയുടെ പ്രയോജനം ലഭിച്ച ആകെ കുടുംബങ്ങളുടെ എണ്ണം ലഭ്യമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ ; നിലവിൽ പദ്ധതിയുടെ അവസ്ഥ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി 2011-12 മുതൽ 2014-15 കാലയളവിൽ നീക്കിവച്ച തുകയും ചെലവാക്കിയ തുകയും വാർഷികാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	നീക്കിവച്ച തുക	ചെലവഴിച്ച തുക
2011-12	-	-
2012-13	7,00,00,000	1,51,72,550
2013-14	8,35,00,000	3,48,94,899
2014-15	13,19,09,104	46,81,488

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടമായി 36,491 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവർക്ക് ഭൂമി വിട്ടുകൊടുക്കുന്ന പ്രവർത്തനവും പൂർത്തിയായിവരുന്നു.

(ഡി) വിവിധ ഘട്ടങ്ങളായി പദ്ധതി പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. രണ്ടാംഘട്ട പട്ടയ വിതരണത്തിനുള്ള നടപടികൾ സമയബന്ധിതമായി നടന്നുവരുന്നു. രണ്ടാംഘട്ടത്തിന്റെ തുടക്കമായി ആഗസ്റ്റ് 22-ാം തീയതി ഇടുക്കി ജില്ലയിൽ മെഗാ പട്ടയമേള സംഘടിപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly